**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5048** **04-07-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം താലൂക്ക് അടിസ്ഥാനത്തിൽ നടത്താൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തെ ആലോട്ട്മെന്റിന് ശേഷവും എ പ്ലസ് ഗ്രേഡ് ലഭിച്ച നിരവധി വിദ്യാർത്ഥികൾക്ക് അവരുടെ താലൂക്കിലോ ജില്ലയിലോ സീറ്റ് ലഭിക്കാത്ത സാഹചര്യമുണ്ട് എന്നത് വസ്തുതയാണോ; | (എ) | വളരെ കുറച്ച് ഓപ്ഷനുകൾ മാത്രം അപേക്ഷകളിൽ ഉൾക്കൊള്ളിച്ചതിനാൽ സംസ്ഥാനത്തൊട്ടാകെ എ പ്ലസ് ഗ്രേഡ് ലഭിച്ച 222 വിദ്യാർത്ഥികൾക്കാണ് പ്ലസ് വൺ പ്രവേശനം ലഭിക്കാത്തത്. പ്രസ്തുത വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റോടു കൂടി പ്രവേശനം ലഭിക്കുന്നതാണ്. |
| (ബി) | പ്ലസ് വൺ പ്രവേശനം താലൂക്ക് അടിസ്ഥാനത്തിൽ നടത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്ലസ് വൺ പ്രവേശനം താലൂക്കടിസ്ഥാനത്തിൽ നടത്താൻ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (സി) | പ്ലസ് വൺ പ്രവേശനം താലൂക്ക് അടിസ്ഥാനത്തിൽ നടത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചു എന്ന് അവകാശപ്പെടുമ്പോഴും നിരവധി വിദ്യാർത്ഥികൾക്ക് അവരുടെ താലൂക്കിലോ ജില്ലയിലോ പോലും സീറ്റ് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ? | (സി) | പ്ലസ് വൺ പ്രവേശനം താലൂക്ക് അടിസ്ഥാനത്തിൽ അല്ല മറിച്ച് ജില്ലാ അടിസ്ഥാനത്തിലാണ് നടത്തുന്നത്. പ്ലസ് വൺ പ്രവേശനത്തിൽ അപേക്ഷകൻ എസ്.എസ്.എൽ.സി പഠിച്ച സ്കൂൾ, താമസിക്കുന്ന ലോക്കൽ ബോഡി, താലൂക്ക് എന്നിങ്ങനെ ബോണസ് പോയിന്റുകൾ അനുവദിക്കുന്നുണ്ട്. ഇതിനാൽ തന്നെ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും സമീപ പ്രദേശങ്ങളിൽ തന്നെ പ്രവേശനം ലഭിക്കുന്നുണ്ട്. മെറിറ്റടിസ്ഥാനത്തിൽ സംവരണ മാനദണ്ഡങ്ങൾ അനുസരിച്ച് നടക്കുന്ന അലോട്ട്മെൻറ് പ്രക്രിയയിൽ മികച്ച വിജയം കൈവരിച്ച ധാരാളം വിദ്യാർഥികൾ ഒരു നിർദ്ദിഷ്ട സ്കൂൾ /കോഴ്സ് മാത്രം ഓപ്ഷനായി നൽകുന്നതിലാണ് ലഭ്യമായ സീറ്റിനു പുറമേ റാങ്ക് ലിസ്റ്റിലുള്ളവർ അവരുടെ താഴ്ന്ന ഓപ്ഷനുകളിലേയ്ക്ക് പിന്തള്ളപ്പെടുകയോ അല്ലെങ്കിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യമോ ഉണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ